# Malayala Manorama

## 17 August 2018

## Thiruvananthapuram, Periyar River, Water Level




നമ്മൾ
**അതിജീവിക്കും**

## ‘പെരിയാറിൽ ഒരു മീറ്റർ വരെ വെള്ളം ഉയരാൻ സാധ്യത’

തിരുവനന്തപുരം● ആലുവ മേഖലയിൽ പെരിയാറിൽ ഒരു മീറ്റർ വരെ വെള്ളം ഉയരാൻ സാധ്യതയുണ്ടെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. സുരക്ഷയുടെ ഭാഗമായി നദിയുടെ അരക്കിലോമീറ്റർ വരെ ദൂരെയുള്ളവർ ജാഗ്രത പാലിക്കണം. ചാലക്കുടിപ്പുഴയിലും വെള്ളം ക്രമാതീതമായി ഉയരാനിടയുള്ളതിനാൽ പുഴയുടെ ഇരുകരകളിലും ഒരു കിലോമീറ്റർ വരെയുള്ളവർ സുരക്ഷയുടെ ഭാഗമായി മാറി നിൽക്കണം.

കുട്ടനാട്ടിലും ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ട്. പത്തനംതിട്ടയിലും മറ്റും ഒറ്റപ്പെട്ടുപോയവരെ രക്ഷിക്കാൻ തീവ്രശ്രമം നടത്തുകയാണ്. അപകടമില്ലെന്ന് ഉറപ്പാക്കിയ ശേഷം വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കും. വാർത്താവിനിമയ സംവിധാനങ്ങൾക്കു തടസ്സം നേരിടാതിരിക്കാൻ മൊബൈൽ ഫോൺ കമ്പനികളുടെ യോഗം വിളിക്കും. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ബോട്ടുകൾക്ക് ഇന്ധനലഭ്യത ഉറപ്പാക്കാൻ പെട്രോളിയം കമ്പനികളോടു നിർദേശിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാംപുകളും സാമൂഹിക അടുക്കളകളും ഒരുക്കും. ആവശ്യമെങ്കിൽ സൈന്യം ടിൻഫുഡ് എത്തിക്കും. റെയിൽവേ ശുദ്ധജലം എത്തിച്ചിട്ടുണ്ട്.

കാലവർഷക്കെടുതി ബാധിച്ച മേഖലകളിൽ വെള്ളം കയറാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പ് ഉദ്യോഗസ്ഥർ നൽകുമ്പോൾ സ്വന്തം സുരക്ഷയെക്കരുതി ജനങ്ങൾ മാറിപ്പോകാൻ തയാറാകണമെന്നു മുഖ്യമന്ത്രി അഭ്യർഥിച്ചു.